'ഭരണഭാഷ-മാതൃഭാഷ.'

നമ്പർസി/47/2017

ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ കാര്യാലയം
കോഴിക്കോട് തീയതി. 03-02-2017
ഫോൺ-0495-2737911
ഇമെയിൽ-dsjokkd@gmail.com

ജില്ലാ സാമൂഹ്യ നീതി ഓഫീസർ
കോഴിക്കോട്.

ശ്രീ.ഫ്രാൻസിസ്.എം ടി
ദോനുംദ്വയ്,നെല്ലിക്കോട് ഹൗസിംഗ് കോളനി,
ചേവായൂർ, കോഴിക്കോട്.

സർ,

**വിഷയം.** ജില്ലാ സാമൂഹ്യ നീതി ഓഫീസ് -വിവരാവകാശനിയമം-2005 പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ-മറുപടി നൽകുന്നത്- സംബന്ധിച്ച്.

**സൂചന.** 1 താങ്കളുടെ അപ്പീൽ അപേക്ഷ.

**താ**ങ്കൾക്ക് വിവരാവകാശനിയമം-2005 പ്രകാരം ലഭിച്ച മറുപടി സംബന്ധിച്ച് സമർപ്പിച്ച അപ്പിൽ പരിശോധിക്കുകയുണ്ടായി. അതുപ്രകാരം പബ്ലിക് ഇൻഫോർമേഷൻ ഓഫീസറെ നേരിൽ കേൾക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തതായും താങ്കളെ അറിയിക്കുന്നു.

1.) താങ്കൾക്ക് നൽകിയ മറുപടിയിൽ, അപ്പീൽ അധികാരിയുടെ മേൽ വിലാസം സുചിപ്പിക്കാത്തത് തെറ്റായ നടപടിയാണെന്ന് പബ്ലിക് ഇൻഫോർമേഷൻ ഓഫീസറെ അറിയിച്ചിട്ടുണ്ട്.,

2.) രേഖകൾ വിശദമായി പരിശോധിച്ചതിൽ, താങ്കൾക്ക് ,മറുപടി നൽകിയതിൽ കാലതാമസം വരുത്തിയതായി കാണുന്നില്ല.

3.) ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭിക്കുവാനുള്ള അവകാശമാണ് വിവരാവകാശനിയമം. പൗരന്മാർക്ക് നൽകുന്നത്. താങ്കൾ വിവരാവകാശനിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക്, പബ്ലിക് ഇൻഫോർമേഷൻ ഓഫീസറുടെ കൈവശം ലഭ്യമായ വിവരങ്ങളാണ് നൽകിയിട്ടുള്ളതെന്ന് ഇതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട് .

ഈ സാഹചര്യത്തിൽ, താങ്കൾ സമർപ്പിച്ച അപ്പീൽ ഹർജി ഇപ്രകാരം ഇന്നേ ദിവസം 2017 ജനുവരി 30-ന് തീർപ്പാക്കിയതായി അറിയിക്കുന്നു.

മുകളിൽ പരാർശിച്ച തീരുമാനത്തിൽ പരാതിയുള്ള പക്ഷം താങ്കൾക്ക് **ദി സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരള,ടി സി നമ്പർ 261298 പുന്നൻ റോഡ്, തിരുവനന്തപുരം.പിൻ 695039** എന്ന വിലാസത്തിൽ 90 ദിവസത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

Saramma

ജില്ലാ സാമൂഹ്യ നീതി ഓഫീസർ
കോഴിക്കോട്.

O/C